പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1208 30.09.2016-ലെ മറുപടിക്ക്

**കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോ**

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് കായംകുളം-ഹരിപ്പാട് ഭാഗത്തേക്ക് രാത്രി പത്ത് മണിയ്ക്ക് ശേഷം ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ തുടങ്ങിയ ബസുകൾ ദേശീയ പാതയിലൂടെ സർവ്വീസ് നടത്തുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ഈ ഭാഗത്തേക്കുള്ള യാത്രക്കാരുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br>രാത്രി പത്ത് മണിക്ക് ശേഷം ദേശീയ പാതയിൽ ധാരാളം സൂപ്പർക്ലാസ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ടി സർവ്വീസുകൾ യാത്രക്കാർ പറയുന്ന സ്റ്റോപ്പുകളിൽ നിർത്തി കൊടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രാത്രി പത്ത് മണിക്ക് ശേഷം ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ആരംഭിച്ചാൽ ആയത് കെ.എസ്.ആർ.ടി.സി.ക്ക് ആദായകമായിരിക്കില്ല. |
| (ബി) | പുനലൂർ-കായംകുളം റൂട്ടിൽ ദേശീയ പാത വഴി സർവ്വീസ് നടത്തുന്ന ഫാസ്റ്റ് പാസഞ്ചർ സർവ്വീസിലെ അവസാന ട്രിപ്പ് എത്ര മണിയ്ക്കാണ് കരുനാഗപ്പള്ളി വഴി കടന്നുപോകുന്നത്; ഇത് സർവ്വീസ് മുടക്കം കൂടാതെ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പുനലൂർ യൂണിറ്റിൽ നിന്നും ഈ സെക്ടറിലേക്കുള്ള അവസാന സർവ്വീസ് രാത്രി 07.50-ന് കരുനാഗപ്പള്ളിയിൽ നിന്നും പുറപ്പെടും. ടി സർവ്വീസ് മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (സി) | രാത്രി പത്ത് മണിക്കുശേഷം കരുനാഗപ്പള്ളി വഴി കടന്നുപോകുന്ന തരത്തിൽ കൊല്ലത്തുനിന്നും കായംകുളത്തേക്കോ ഹരിപ്പാട്ടേക്കോ ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | രാത്രി പത്ത് മണിക്ക് ശേഷം ധാരാളം സൂപ്പർ ക്ലാസ് സർവ്വീസുകൾ കരുനാഗപ്പള്ളി വഴി കടന്നുപോകുന്നുണ്ട്. രാത്രി പത്ത് മണിക്ക് ശേഷം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ആരംഭിച്ചാൽ ആയത് കോർപ്പറേഷന് ആദായകരമായിരിക്കില്ല. അതിനാൽ അത്തരം ഒരു സർവീസ് ആരംഭിക്കുന്നതിന് നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ